**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3895** **15-07-2022 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | **അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.**<br><br>**വൃക്ക -2223**<br><br>**കരൾ -738,**<br><br>**ഹൃദയം - 61,**<br><br>**പാൻക്രിയാസ് - 13,**<br><br>**ശ്വാസകോശം - 3,**<br><br>**ചെറുകുടൽ - 2** |
| (ബി) | മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിന് ശേഷം നാളിതു വരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തി; വ്യക്തമാക്കുമോ; | (ബി) | **340 ദാതാക്കളിൽ നിന്നും 972 അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.** |
| (സി) | മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും നേരായ വഴിയുള്ള അവയവദാനങ്ങളിലൊന്നു പോലും സാങ്കേതിക നൂലാമാലകളിൽപ്പെട്ടു വൈകാതിരിക്കുവാനും പ്രസ്തുത മേഖലയിലെ പരാതികൾ പരിഹരിച്ച് അവയവദാനം സുതാര്യമാക്കുവാനുമായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | **മൃതസഞ്ജീവനി പദ്ധതി ഉൾപ്പെടെയുള്ള അവയവമാറ്റ രംഗത്തെ എല്ലാ പദ്ധതികളും കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ അഥവാ കെ സോട്ടോ എന്ന ചാരിറ്റബിൾ സൊസൈറ്റിയിൽ നിക്ഷിപ്തമായിട്ടുണ്ട്. അവയവദാന രംഗത്ത് ബോധവത്കരണത്തിന് ആവശ്യമായ പ്രക്രിയകളുടെ രൂപീകരണവും, എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകാനാവശ്യമായ വെബ്സൈറ്റ് രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ കെ സോട്ടോ സ്വീകരിച്ചുവരുന്നു. കൂടാതെ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതാണ്** |

സെക്ഷൻ ഓഫീസർ